"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദ സഞ്ചാര വകുപ്പ് - വകുപ്പ്തല വർക്കിങ് ഗ്രൂപ് - 'ഫോർട്ട് കൊച്ചിയിൽ വിനോദ സഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താനുള്ള കർമ പദ്ധതി'- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദ സഞ്ചാര (എ) വകുപ്പ്**

സ.ഉ.(സാധാ) നം.335/2024/TSM തീയതി, തിരുവനന്തപുരം, 09-07-2024

---

പരാമർശം:
1. 07.09.2007-ലെ സ. ഉ. (അ) 408/2007/ധന.
2. 30.07.2014-ലെ സ. ഉ. (അ) 311/2014/ധന.
3. 08.01.2015-ലെ സ. ഉ. (അ) 11/2015/ധന.
4. 11.06.2018-ലെ സ. ഉ. (അ) 88/2018/ധന.
5. 03.08.2018-ലെ സ. ഉ. (അ) 118/2018/ധന.
6. 30.05.2019-ലെ സ. ഉ. (കൈ) 3/2019/ടൂറിസം.
7. 28.04.2021-ലെ സ. ഉ. (അ) 67/2021/ധന.
8. വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 29.06.2024-ലെ ഡിഒടി/2285/2024 - പി2 നമ്പർ കത്ത്.
9. 08.07.2024-ലെ വകുപ്പ്തല വർക്കിങ് ഗ്രൂപ് യോഗ തീരുമാനം.

**ഉത്തരവ്**

വിദേശ അധിനിവേശ കാലത്തെ ഓർമിപ്പിക്കുന്ന നിർമിതികളും സജീവമായ കലാരംഗവും ചിത്രസുന്ദരമായ തീരക്കാഴ്ചകളുമൊക്കെയായി ചരിത്ര പ്രധാനവും സാംസ്കാര സമ്പന്നവുമായ വിനോദ സഞ്ചാര മേഖലയാണു ഫോർട്ട് കൊച്ചി. ആഭ്യന്തര, വിദേശ വിനോദ സഞ്ചാരികളുടെ ഇഷ്ടകേന്ദ്രമെന്ന നിലയിൽ ഫോർട്ട് കൊച്ചിയിലെത്തുന്ന സന്ദർശകർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ അടിയന്തരമായി മെച്ചപ്പെടുത്തേണ്ടത് അനിവാര്യതയാണ്. ഫോർട്ട് കൊച്ചിയുടെ പ്രൗഢിയും പാരമ്പര്യവും ആസ്വദിക്കാനെത്തുന്ന സഞ്ചാരികളുടെ സൗകര്യാർഥം പാകിയ നടപ്പാതകളും രാജ്യാന്തര നിലവാരമുള്ള സൈനേജുകളും അടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണു ലക്ഷ്യം.

**(2).** ഫോർട്ട് കൊച്ചിയിൽ വിനോദ സഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനായി കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് **(KTIL)** തയാറാക്കിയതും **₹. 2,82,07,491/-** ചെലവ് പ്രതീക്ഷിക്കുന്നതുമായ കർമ

പദ്ധതി വിനോദ സഞ്ചാര ഡയറക്ടർ സമർപ്പിച്ചിരുന്നു. അക്രഡിറ്റഡ് ഏജൻസികൾ മുഖേന വിനോദ സഞ്ചാര വകുപ്പ് നടപ്പാക്കുന്ന പദ്ധതി 18 മാസത്തിനകം പൂർത്തിയാക്കാനാവുമെന്നും പദ്ധതിക്കുള്ള ചെലവ് '5452 - 01 - 101 - 99 - 00 - 34 - 03 - അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും - പി (വി)' എന്ന ശീർഷകത്തിൽ വകയിരുത്താമെന്നും വിനോദ സഞ്ചാര ഡയറക്ടർ അറിയിച്ചിരുന്നു.

**(3).** പദ്ധതിയുടെ ഘടകങ്ങൾ ചുവടെപ്പറയും പ്രകാരമാണ്:

| **Sl No.** | **Components** | **Amount in ₹** |
|---|---|---|
| 1. | Site Preparation | 1,73,381.00 |
| 2. | Landscaping | 9,39,894.00 |
| 3. | Pavements | 30,61,587.00 |
| 4. | Street Furniture | 1,07,15,999.00 |
| 5. | Inbuilt Furniture | 38,42,710.00 |
| 6. | Buildings | 15,57,248.00 |
| 7. | Door and windows | 2,36,595.00 |
| 8. | Roof | 3,06,985.00 |
| 9. | Electrical | 7,72,398.00 |
| 10. | Renovation of existing structure | 2,34,000.00 |
| 11. | Street art-sculptures | 5,00,000.00 |
| | **Sub Total** | **2,23,40,797.00** |
| | **Centage charges@7%** | 15,63,856.00 |
| | **Total** | **2,39,04,653.00** |
| | **GST@18%** | **43,02,838.00** |
| | **Grand Total** | **2,82,07,491.00** |
| | **Rounded** | **2,82,08,000.00** |

**(4).** 08.07.2024ൽ ചേർന്ന വകുപ്പ്തല വർക്കിങ് ഗ്രൂപ്പ് യോഗം ഈ നിർദേശം വിശദമായി പരിശോധിക്കുകയും ₹2,82,08,000/- ചെലവ് പ്രതീക്ഷിക്കുന്ന 'ഫോർട്ട് കൊച്ചിയിൽ വിനോദ സഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താനുള്ള കർമ പദ്ധതി അംഗീകരിക്കുകയും ചെയ്തു.

**(5).** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൈറ്റ് സജ്ജീകരിക്കൽ, ലാൻഡ് സ്കേപ്പിങ്, പേവ്മെന്റ്, സ്ട്രീറ്റ് ഫർണിച്ചർ, ഇൻബിൽറ്റ് ഫർണിച്ചർ, കെട്ടിടങ്ങൾ, വാതിലുകളും ജനലുകളും, മേൽക്കൂര, വൈദ്യുതീകരണ ജോലികൾ, നിലവിലുള്ള സ്ട്രക്ചറുകളുടെ നവീകരണം, തെരുവിലെ കലാശിൽപങ്ങൾ എന്നീ ഘടകങ്ങൾ ഉൾപ്പെട്ട, **'ഫോർട്ട് കൊച്ചിയിൽ വിനോദ സഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താനുള്ള കർമ പദ്ധതി'** ക്ക് സെന്റേജ് ചാർജും നികുതി ബാധ്യതകളുമടക്കം '5452 - 01 - 101 - 99 - 00 - 34 - 03 - അടിസ്ഥാന

സൗകര്യങ്ങളുടെയും മറ്റ സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും - പി (വി)'എന്ന ശീർഷകത്തിൽ നിന്ന് 2,82,08,000/- (രണ്ട് കോടി എൺപത്തിരണ്ടു ലക്ഷത്തി എണ്ണായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(6).** പരാമർശത്തിലെ സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള നിർദേശങ്ങളും വ്യവസ്ഥകളും നടപടിക്രമങ്ങളും കർശനമായി പാലിച്ച് വിനോദ സഞ്ചാര വകുപ്പ് നടപ്പാക്കുന്ന പദ്ധതി 18 മാസത്തിനകം പൂർത്തിയാവുന്നെന്നും പദ്ധതിയുടെ നടപ്പ് സാമ്പത്തിക വർഷത്തെ ചെലവ് '5452 - 01 - 101 - 99 - 00 - 34 - 03 - അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റ സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും - പി (വി)'എന്ന ശീർഷകത്തിൽ അനുവദിച്ച ബജറ്റ് വിഹിതത്തെ അധികരിക്കുന്നില്ലെന്നും വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡി.ജഗദീഷ്**
അഡിഷണൽ സെക്രട്ടറി

പകർപ്പ്:
ഡയറക്ടർ, വിനോദ സഞ്ചാര ഡയറക്ടറേറ്റ്, പാർക്ക് വ്യൂ, തിരുവനന്തപുരം - 695 033
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം - 695 001
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിറ്റ് II) കേരളം, തിരുവനന്തപുരം - 695 001
ചീഫ്, ഐ & ഐ ഡിവിഷൻ, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം പാലസ് പി. ഒ., തിരുവനന്തപുരം - 695 004
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം - 695 010
ധനകാര്യ വകുപ്പ്
ആസൂത്രണ, സാമ്പത്തികകാര്യ വകുപ്പ്
വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
ഓഫീസ് കോപ്പി/കരുതൽ ഫയൽ (നമ്പർ: ഇ 2848339/ടൂർ - എ3/212/2024 - ടൂർ)

ഉത്തരവിൻ പ്രകാരം
Signed by
Reena P P
Date: 10-07-2024 10:48:04
സെക്ഷൻ ഓഫീസർ

പകർപ്പ്:
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി. എയ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി. എയ്ക്ക്